©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 സെപ്റ്റംബർ 23
23rd September 2025
1201 കന്നി 7
7th Kanni 1201
1947 ആശ്വിനം 1
1st Aswina 1947

നമ്പർ
No.
3386

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള ഒരു അംഗത്തിന്റെ തെരഞ്ഞെടുപ്പ് – 2025

[1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിന്റെ 12-ാം വകുപ്പിലെ സിൻഡിക്കേറ്റ് എന്ന ശീർഷകത്തിലെ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ഇനം അനുസരിച്ച്]

വിജ്ഞാപനം

നമ്പർ KLS/7661/2025-Legin3 തിരുവനന്തപുരം, 2025 സെപ്റ്റംബർ 22

1994-ലെ 5-ാം നമ്പർ ആക്ടായ 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിലെ 12-ാം വകുപ്പും, 1997-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം XVIII-ഉം ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ സിൻഡിക്കേറ്റിലേയ്ക്ക് ഒരംഗത്തെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം ചുവടെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റിൽ ഒരു അംഗത്തെ തെരഞ്ഞെടുക്കുന്നതിനായി കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.
2. അംഗീകൃത വോട്ടർപട്ടിക 17.09.2025-ന് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിലും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രദർശിപ്പിച്ചിട്ടുണ്ട്.
3. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ ഒക്ടോബർ മാസം 06-ാം തീയതി തിങ്കളാഴ്ചയ്ക്ക് അപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും വൈകുന്നേരം 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശ പത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.
4. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മേൽപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.
5. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2025 ഒക്ടോബർ മാസം 07-ാം തീയതി ചൊവ്വാഴ്ച പകൽ 11.30 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധന നടത്തുന്നതും, സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നേദിവസം വൈകിട്ട് 3.30 മണിക്ക് തന്നെ നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതുമാണ്.
6. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2025 ഒക്ടോബർ മാസം 13-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിയെ അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽവച്ച് ഏൽപ്പിക്കാവുന്നതാണ്.
7. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2025 ഒക്ടോബർ മാസം 14-ാം തീയതി ചൊവ്വാഴ്ച നിയമസഭാ മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.
8. വോട്ടെടുപ്പ് ആവശ്യമായി വരുന്നപക്ഷം 2025 ഒക്ടോബർ മാസം 18-ാം തീയതി ശനിയാഴ്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2025 ഒക്ടോബർ മാസം 28-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണി വരെ ആയിരിക്കുന്നതാണ്.

10. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മപരിശോധനയും വോട്ടെണ്ണലും 2025 ഒക്ടോബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

ഡോ. എൻ. കൃഷ്ണ കുമാർ,
വരണാധികാരി & സെക്രട്ടറി, കേരള നിയമസഭ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.23 01:08:17 +05:30